പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*144 — 02-05-2017-ലെ മറുപടിയ്ക്ക്

# കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നയങ്ങൾ

ചോദ്യം

**ശ്രീ.കെ.ദാസൻ**
**ശ്രീ.റ്റി.വി.രാജേഷ്**
**ശ്രീ.കെ.ആൻസലൻ**
**ശ്രീ.ഡി.കെ.മുരളി**

മറുപടി

ശ്രീ.വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

**(എ)** രൂക്ഷമായ വരൾച്ചയും കാലാവസ്ഥാ വ്യതിയാനങ്ങളും കാർഷിക മേഖലയിൽ എന്തെല്ലാം ആഘാതങ്ങളാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

**(എ)** തെക്ക് പടിഞ്ഞാറൻ ഇടവപ്പാതിയിലും വടക്ക് കിഴക്കൻ തുലാവർഷത്തിലും വേനൽ മഴയിലും ഉണ്ടായിട്ടുള്ള വർദ്ധിച്ച തോതിലുള്ള കുറവ് കാരണം കാർഷിക വിളകളുടെ ഉൽപാദനം കുറയുകയും , വരൾച്ച ബാധിച്ച് കൃഷി നശിച്ചു പോവുകയും ഉണ്ടായിട്ടുണ്ട്.
സംസ്ഥാനത്ത് വരൾച്ച മൂലം ഏകദേശം 62897 കർഷകരുടെ 41592.3 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും കുറഞ്ഞത് 724.5 കോടി രൂപയുടെ കൃഷിനാശം ഉണ്ടായതായിട്ടുള്ളതുമായാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ വിശദമായ കണക്കെടുപ്പ് കഴിയുമ്പോൾ നഷ്ടം വൻതോതിലുണ്ടാകും എന്നാണ് കണക്കാക്കുന്നത്.

**(ബി)** ഉല്പന്നങ്ങളുടെയും ഉല്പാദനോപാധികളുടെയും വിലയിലുള്ള ചാഞ്ചാട്ടങ്ങൾ കാർഷിക മേഖലയെ എങ്ങനെയെല്ലാമാണ് ബാധിച്ചിരിക്കുന്നത്;

**(ബി)** സംസ്ഥാനത്ത് നേരിട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ വരൾച്ച മൂലം ഉണ്ടായിട്ടുള്ള വർദ്ധിച്ചതോതിലുള്ള കൃഷിനാശം കാർഷിക മേഖലയെയും കർഷകരെയും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. അടിസ്ഥാന മേഖല എന്ന നിലയ്ക്ക് കാർഷിക മേഖലയിലുണ്ടായിട്ടുള്ള തളർച്ചയുടെ പ്രതിഫലനങ്ങൾ മറ്റ് മേഖലയിലും സാരമായി പ്രതിഫലിക്കാനിടയുണ്ട്. വിളവ് നഷ്ടംമൂലം ഉണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി അടുത്ത കൃഷിയിറക്ക് കാലയളവിലേക്കുള്ള ഉൽപാദനോപാധികൾ ലഭ്യമാക്കുന്നതിനുള്ള കർഷകന്റെ ക്രയവിക്രയ ശേഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

**(സി)** നോട്ടു നിരോധനം മൂലമുണ്ടായ

**(സി)** കേരളത്തിലെ കാർഷിക മേഖലയിലെ ബഹുഭൂരിപക്ഷവും

പ്രതിസന്ധി, മേഖലയെ എത്രമാത്രം ദോഷകരമായാണ് ബാധിച്ചിട്ടുള്ളത്;

ചെറുകിട നാമമാത്ര കർഷകരായതിനാലും സഹകരണ മേഖല ശക്തവും വ്യാപകവും ആയതിനാലും കർഷകർ പണമിടപാടിനായി പ്രധാനമായും പ്രാഥമിക സഹകരണ സംഘങ്ങളെയാണ് ആശ്രയിച്ചിരുന്നത്. നോട്ട് നിരോധനം മൂലം ഈ മേഖലയിലുണ്ടായ സ്തംഭനാവസ്ഥ ഉൽപാദനോപാധികളുടെ ക്രയവിക്രയങ്ങളെയും ഉല്പന്നങ്ങളുടെ വിപണനത്തെയും പ്രതികൂലമായി ബാധിക്കുകയുണ്ടായി. സഹകരണ മേഖലയിലുണ്ടായ സ്തംഭനാവസ്ഥ കാർഷിക വായ്പ മുഖേന കാലാകാലങ്ങളായി നടത്തിവരുന്ന ഹ്രസ്വകാല വിളകളുടെ ഉല്പാദനത്തെയും സാരമായി ബാധിച്ചു.

**(ഡി)** ഇത്തരം പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള എന്തെല്ലാം നയങ്ങളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**(ഡി)** സർക്കാർ സഹായങ്ങൾ മുഴുവൻ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ വഴി കർഷകന് നേരിട്ട് ലഭ്യമാക്കുന്നതരത്തിൽ പദ്ധതികൾ പുനരാവിഷ്കരിക്കുകയും കർഷകന്റെ ഉല്പന്നങ്ങൾ ശക്തമായ വിപണി ഇടപെടലിലൂടെ കൃഷി വകുപ്പ് അനുബന്ധ സ്ഥാപനങ്ങൾ മുഖേന മെച്ചപ്പെട്ട വില നൽകി നേരിട്ട് ശേഖരിക്കുന്നതിനും പൊതുജനങ്ങൾക്ക് ന്യായമായ വിലക്ക് ലഭ്യമാക്കുന്നതിനുള്ള വിപണന ശൃംഖല ശക്തിപ്പെടുത്തുകയുണ്ടായി. ശരിയായ കൃഷിമുറകൾ പാലിച്ചും തനത് കൃഷിരീതികൾ ശക്തിപ്പെടുത്തിയും പ്രദേശത്തിന്റെ ജൈവ വൈവിധ്യതയും ഉല്പന്ന സവിശേഷതയും കൂട്ടിയിണക്കി അത്തരം കാർഷികോല്പന്നങ്ങൾ "കേരളാ ഓർഗാനിക്" എന്ന ബ്രാന്റിൽ കൂടുതൽ വിപണിയിൽ എത്തിക്കുന്നതിനും അത്തരത്തിൽ മെച്ചപ്പെട്ട വില കർഷകന് ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു.

സെക്ഷൻ ഓഫീസർ